# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **1005**

**10/6/2019**-ലെ മറുപടി

## ജല അതോറിറ്റിയുടെ പുന:സംഘടന

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. പാറയ്ക്കൽ അബ്ദുല്ല | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ജലഅതോറിറ്റിയുടെ പുന:സംഘടന സംബന്ധിച്ച് ബംഗളൂരു ഐ.ഐ.ടി. യുടെ നേതൃത്വത്തിൽ ഒരു വർഷം നീണ്ട പഠനത്തിനൊടുവിൽ സമർപ്പിച്ച രണ്ട് റിപ്പോർട്ടുകളിൽ വർഷങ്ങളായി നടപടി സ്വീകരിക്കാത്ത സാഹചര്യമുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) ജലഅതോറിറ്റിയുടെ പുന:സംഘടന സംബന്ധിച്ച് ബംഗളൂരു ഐ.ഐ.എം ആണ് റിപ്പോർട്ട് തയ്യാറാക്കിയത്. ടി റിപ്പോർട്ടിന്മേൽ ഭാഗികമായി നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയിലെ പ്രോജക്റ്റുകൾ യഥാസമയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 16 പ്രോജക്റ്റ് ഡിവിഷൻ ഓഫീസുകൾ സ്ഥാപിക്കുകയും താഴെപറയുന്ന പ്രവർത്തനങ്ങൾ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.<br>1. ജല അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി അതോറിറ്റി നടപ്പാക്കാത്ത എല്ലാ മേജർ പദ്ധതികളും ഈ 16 പ്രോജക്റ്റ് ഡിവിഷനുകളുടെ കീഴിലാക്കി.<br>2. ജല അതോറിറ്റിയുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി പൗരാവകാശരേഖ പ്രസിദ്ധീകരിച്ചു<br>3. പരിഷ്കരിച്ച വെബ്സൈറ്റ് തുറന്നു.<br>4. ഉപഭോക്തൃസേവനത്തിനുള്ള മാർഗ്ഗരേഖ തയ്യാറാക്കി.<br>5. പൊതുജനങ്ങൾക്കും ഉപഭോക്താക്കൾക്കും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനായി എല്ലാ സബ് ഡിവിഷനുകളിലും ഹെൽപ് ഡെസ്കുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു |

JSK/

6. അറ്റകുറ്റപണികളിലെ കാലതാമസം ഒഴിവാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ ബ്ലൂ ബ്രിഗേഡ് സംവിധാനം നടപ്പിലാക്കി. അത് എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

7. വാട്ടർ അതോറിറ്റിയുടെ എല്ലാ ജില്ലകളിലെയും ആസ്തികൾ തിട്ടപ്പെടുത്തി മാപ്പിംഗ് നടത്തി കമ്പ്യൂട്ടറിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

8. ജല അതോറിറ്റി ഓഫീസുകൾ കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിച്ചു കേന്ദ്രീകൃത ബില്ലിംഗ് (ഇ-അബാക്കസ്), ഇ-പേയ്മെന്റ് സംവിധാനം, കംപ്ലൈന്റ് റിഡ്രസൽ സിസ്റ്റം, ഇ-ടെണ്ടറിംഗ് എന്നിവ നടപ്പിലാക്കി.

(ബി) പ്രസ്തുത സാഹചര്യത്തിൽ കൊൽക്കത്ത ഐ.ഐ.എമ്മിലെ പ്രൊഫ: സുശീൽ ഖന്നയെ അതോറിറ്റിയുടെ പുന:സംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയോഗിക്കുന്നുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

(ബി) ഉണ്ട്;

കേരള വാട്ടർ അതോറിറ്റിയുടെ ബോർഡ് തീരുമാനപ്രകാരം പ്രൊഫ. (ഡോ.) സുശീൽ ഖന്നയെ കേരള വാട്ടർ അതോറിറ്റി പുനഃസംഘടിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി കൺസൾട്ടന്റായി നിയോഗിച്ചുകൊണ്ട് അദ്ദേഹത്തിന് 26/4/2019-ൽ ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർ കത്ത് നൽകിയിട്ടുണ്ട്.

Renuka Sankar
സെക്ഷൻ ഓഫീസർ

JSK/